(സി) പ്രസ്തുത അപേക്ഷ ആർക്കാണ് നൽകേണ്ടതെന്നും എപ്രകാരമാണ് നൽകേണ്ടതെന്നും വിശദീകരിക്കാമോ?

ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്ന പ്രിന്റ് പ്രസ്തുത അപേക്ഷ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.

(ഡി) എം.എൽ.എ.-മാർ മുഖേന വകുപ്പുമന്ത്രിക്ക് നേരിട്ട് അപേക്ഷ നൽകാമോ?

എം.എൽ.എ.-മാർ മുഖേന വകുപ്പുമന്ത്രിക്ക് നേരിട്ട് അപേക്ഷ നൽകാവുന്നതാണ്. എം.എൽ.എ.മാരുടെ ശിപാർശ സഹിതം ലഭ്യമാകുന്ന ചികിത്സാധനസഹായ അപേക്ഷകൾ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ ടി-ഗ്രാന്റ്സ് സെക്ഷൻ മുഖേന ബഹു. വകുപ്പുമന്ത്രിക്ക് അയയ്ക്കുന്നു.

(ഇ) ഒരാൾക്ക് തുടർചികിത്സാർത്ഥം പരമാവധി എത്ര രൂപവരെ അനുവദിക്കുമെന്ന് വിശദമാക്കാമോ?

പരമാവധി ഒരു ലക്ഷം രൂപ വരെ ഒരാൾക്ക് തുടർചികിത്സാർത്ഥം ആശുപത്രി മുഖാന്തരം നൽകിവരുന്നു.

പേരാമ്പ്രയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം

68(2104) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം എന്നിവ അനുവദിച്ചിട്ടുണ്ടെന്ന് വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ?

2016 മുതൽ നാളിതുവരെ പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം എന്നിവ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly